# മസ്ജിദുൽ അഖ്സായുടെ ഭാവി

**ജറൂസലമിലെ** മസ്ജിദുൽ അഖ്സായും ഫലസ്ത്വീനിലെ ഇതര ഇസ്‌ലാമിക ചിഹ്നങ്ങളും സയണിസ്റ്റ് തീവ്രവാദികളുടെ ക്രൂര ദംഷ്ട്രങ്ങളിലകപ്പെട്ട് ഞെരിപൊരി കൊള്ളുകയാണ്. റോമാ സാമ്രാജ്യത്തിൽനിന്ന് ഫലസ്ത്വീൻ മോചിപ്പിച്ച ഖലീഫാ ഉമർ(റ) ജറൂസലം സന്ദർശിച്ചപ്പോൾ അവിടെ കണ്ടെത്തിയ, അന്ത്യപ്രവാചകൻ ആകാശാരോഹണം ആരംഭിച്ചതെന്നറിയപ്പെടുന്ന വിശാലമായ പാറയിൽ അദ്ദേഹത്തിന്റെ ഉത്തരവനുസരിച്ച് നിർമിതമായ പള്ളിയാണ് ഇപ്പോഴത്തെ മസ്ജിദുൽ അഖ്സാ. അനാഥമായി കിടന്നിരുന്ന ആ പാറക്കെട്ടിൽ മറ്റാർക്കും അവകാശവാദം ഉണ്ടായിരുന്നില്ല. 1967–ൽ സയണിസ്റ്റുകൾ ജറൂസലം പൂർണമായി കൈയടക്കിയതോടെ അൽഅഖ്സാക്ക് നേരെ ഭീഷണിയുയർന്നു തുടങ്ങി. 1969–ൽ ഒരാസ്ട്രേലിയൻ സയണിസ്റ്റ് മസ്ജിദുൽ അഖ്സാക്ക് തീവെച്ചു. സ്വലാഹുദ്ദീന്റെ മിമ്പർ കത്തിനശിച്ചു. 1982–ൽ പള്ളിയിലേക്ക് ഇരച്ചുകയറിയ സയണിസ്റ്റ് തീവ്രവാദികൾ അവിടെ നമസ്കരിച്ചിരുന്ന നിരവധിയാളുകളെ വെടിവെച്ചു കൊന്നു. 1990–ലും മസ്ജിദുൽ അഖ്സായിൽ 34 മുസ്‌ലിംകൾ കൊല്ലപ്പെട്ടു. 1994–ൽ, മസ്ജിദുൽ അഖ്സാക്ക് തൊട്ടുള്ള ഹറമു ഇബ്റാഹീമിൽ നമസ്കരിച്ചുകൊണ്ടിരുന്ന 29 പേരാണ് കൊല്ലപ്പെട്ടത്. 2000–ൽ നടന്ന അൽഖ്സാ ഉയിർത്തെഴുന്നേൽപു സമരത്തെത്തുടർന്നുണ്ടായ വെടിവെപ്പിൽ നൂറ് ഫലസ്ത്വീനികൾ കൊല്ലപ്പെടുകയും ആയിരത്തോളം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

ചരിത്ര ഗവേഷണത്തിന്റെ പേരിൽ മസ്ജിദുൽ അഖ്സായുടെ അങ്കണത്തിനടുത്ത് ആരംഭിച്ച ഉത്ഖനനം ഇപ്പോൾ വമ്പൻ തുരങ്കമായി മസ്ജിദിന്റെ അടിത്തറക്കു താഴെ വരെ എത്തിയിരിക്കുന്നു. തുരങ്കത്തിന്റെ ഒരു ഭാഗത്ത് ഇസ്രയേൽ ഒരു മ്യൂസിയവും സ്ഥാപിച്ചിരിക്കുന്നു. കിഴക്കൻ ജറൂസലമിനെ അധിനിവേശത്തിലൂടെ ഇസ്രയേലിനോട് കൂട്ടിചേർത്തത് അന്താരാഷ്ട്ര നിയമങ്ങൾ നഗ്നമായി ലംഘിച്ചുകൊണ്ടാണ്. അക്കാര്യം ഐക്യ രാഷ്ട്രസഭയുടെ 478–ാം പ്രമേയം അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ട് ഒറ്റയടിക്ക് അഖ്സാ തകർത്തുകളയാൻ ഇസ്രയേൽ ധൈര്യപ്പെടുന്നില്ല. അത്തരമൊരു നടപടി മുസ്‌ലിം ലോകത്തുണ്ടാക്കാവുന്ന കോളിളക്കത്തിന്റെ ശക്തി '69 –ലെ തീവെപ്പിനെ തുടർന്ന് അവർ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ചരിത്ര ഗവേഷണത്തിന്റെ മറവിൽ അൽ അഖ്സായുടെ അടിത്തറ മാന്തുക എന്ന തന്ത്രം സ്വീകരിച്ചിരിക്കുന്നത്. അതോടൊപ്പം ഉപരിതലത്തിൽ മസ്ജിദുൽ അഖ്സായുടെ ഭാഗങ്ങൾ ഒന്നൊന്നായി കൈവശപ്പെടുത്തുക എന്ന തന്ത്രവുമുണ്ട്. ഹറമു ഇബ്റാഹീമിനെയും മസ്ജിദ് ബിലാലിനെയും യഹൂദ പൈതൃക കേന്ദ്രങ്ങളിൽ ഉൾപ്പെടുത്താൻ അവർ തീരുമാനിച്ചു കഴിഞ്ഞു. കഴിഞ്ഞ മാസം രണ്ടാഴ്ചക്കാലം മസ്ജിദ് അങ്കണത്തിൽ സയണിസ്റ്റ് തീവ്രവാദികളുടെ 'കർസേവ' നടന്നു. എന്നാൽ തീവ്രവാദികളുടെ പ്രവേശനം തടയാനെന്ന പേരിൽ, മസ്ജിദുൽ അഖ്സായിലേക്കുള്ള മുസ്‌ലിംകളുടെ പ്രവേശനം 45 വയസ്സിൽ കൂടുതലുള്ളവരിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ് ഇസ്രയേൽ ഗവൺമെന്റ്. ഇക്കഴിഞ്ഞ മാർച്ച് 16–ന് ഹൈക്കൽ സുലൈമാൻ ദിനമായി യഹൂദർ ആഗോളതലത്തിൽ ആചരിക്കുകയുണ്ടായി. ഇപ്പോൾ മസ്ജിദുൽ അഖ്സാ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ഹൈക്കൽ സുലൈമാന്റെ സ്ഥാനമായി കണ്ടിട്ടുള്ളത്. മസ്ജിദുൽ അഖ്സായോട് ചേർന്ന് യഹൂദർ നിർമിച്ച കനീസ് ഹഹൂർ ബാ (തകർന്ന സിനഗോഗ്) ഉദ്ഘാടനം ചെയ്യപ്പെട്ടത് ഇക്കഴിഞ്ഞ മാർച്ച് 15–നാണ്. അധിനിവിഷ്ഠ ജറൂസലമിലെ ഏറ്റവും വലിയ ജൂത ദേവാലയമാണിത്. അധികം താമസിയാതെ അൽ അഖ്സായുടെ അങ്കണത്തിൽ തന്നെ മറ്റൊരു വൻ സിനഗോഗു കൂടി പണിയാൻ പരിപാടിയിട്ടിരിക്കുകയാണ്.

ഇങ്ങനെ, അൽ അഖ്സായെയും ഇതര ഇസ്‌ലാമിക ചിഹ്നങ്ങളെയും അടിയിലൂടെയും മുകളിലൂടെയും ഇഞ്ചിഞ്ചായും ചാണ് ചാണായും വിഴുങ്ങിക്കൊണ്ടിരിക്കുകയാണ് സയണിസ്റ്റ് ദുർഭൂതം. പരസ്യമായിട്ടാണിതൊക്കെയും നടക്കുന്നത്. പക്ഷേ, ലോക രാഷ്ട്രങ്ങൾക്ക് കണ്ട ഭാവമില്ല. അറബ് ഇസ്‌ലാമിക രാഷ്ട്രങ്ങളും മിണ്ടുന്നില്ല. അറബ് രാജ്യങ്ങൾ തങ്ങളുടെ മണ്ണിൽ സയണിസ്റ്റ്

# മസ്ജിദുൽ അഖ്സായുടെ

എംബസികൾ തുറക്കുന്ന തിരക്കിലാണ്. സമാധാനത്തിന്റെ അപ്പോസ്തലന്മാരായി ഭാവിക്കുന്നവർ ഒത്തുതീർപ്പിന്റെ മരീചിക കാണിച്ച് വാചാടോപം ചെയ്തുകൊണ്ടിരിക്കുന്നു. ഫലസ്തീൻ അതോറിറ്റിയുടെ മുഖ്യ ശത്രുവാകട്ടെ ഇപ്പോൾ ഹമാസ് ആണ്. കിഴക്കൻ ജറൂസലമിലെ ജൂതവത്കരണ പ്രവർത്തനങ്ങൾക്കു നേരെ പ്രതിഷേധ സമരത്തിനൊരുമ്പെടുന്ന ഹമാസിനും പി.എൽ.ഒയിലേതടക്കമുള്ള ഇതര ഗ്രൂപ്പുകൾക്കുമെതിരെ നടപടിയെടുക്കുമെന്ന് പ്രഖ്യാപിക്കാൻ അവർക്ക് ഒരു ലജ്ജയുമുണ്ടായില്ല.

അധികാരവും സമ്പത്തും ഇല്ലാത്ത ആഗോള മുസ്‌ലിം സാമാന്യ ജനത്തിന്റെ മനസ്സ് മാത്രമാണിപ്പോൾ ഫലസ്ത്വീനിനും മസ്ജിദുൽ അഖ്സാക്കും വേണ്ടി പൊരുതുന്ന മുജാഹിദുകൾക്കൊപ്പമുള്ളത്. പടച്ച തമ്പുരാൻ മാത്രമാണവർക്ക് തുണ. ആഗോള മുസ്‌ലിം ജനസാമാന്യത്തെ തെറ്റിദ്ധരിപ്പിക്കാനുള്ള പല കുതന്ത്രങ്ങളും സയണിസ്റ്റുകൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. മസ്ജിദുൽ അഖ്സാ എന്ന പേരിൽ ഇന്ന് മാധ്യമങ്ങളിലൂടെയും കലണ്ടറുകളിലൂടെയും മറ്റും അൽഅഖ്സാ പള്ളിക്ക് 250 മീറ്ററോളം അകലെയുള്ള മസ്ജിദു ഖുബ്ബതുസ്സഖ്റിന്റെ ഫോട്ടോ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത് അതിന്റെ ഭാഗമാണ്. കേടുപാടൊന്നുമില്ലാതെ തലയെടുപ്പോടെ നിൽക്കുന്ന ഖുബ്ബതുസ്സഖ്റ് കാട്ടി യഥാർഥ മസ്ജിദുൽ അഖ്സാ വിസ്മൃതമാക്കുകയും നശീകരണ നടപടികൾ തുടരുകയുമാണ് തന്ത്രം. മുസ്‌ലിംകളിൽ ചിലരെങ്കിലും ഈ തന്ത്രത്തിൽ വീണുപോയിട്ടുണ്ട്.

അൽഅഖ്സാ അങ്കണത്തിൽ സിനഗോഗ് പണിയുന്നതടക്കമുള്ള സയണിസ്റ്റ് കടന്നുകയറ്റങ്ങൾക്കെതിരെ ഭരണാധികാരമില്ലാത്ത സമുദായ നേതാക്കൾ ശബ്ദമുയർത്തുന്നുണ്ട്. ഒ.ഐ.സി സെക്രട്ടറി പ്രഫ. അക്മലുദ്ദീൻ ഇഹ്സാൻ ഒഗ്‌ലു, ഹർകത്തുൽ ഇസ്‌ലാം മൂവ്മെന്റ് സെക്രട്ടറി ശൈഖ് റാഇദ് സലാഹ്, ഹമാസ്-ഇഖ്‌വാൻ നേതാക്കൾ, ഫലസ്ത്വീൻ മുഖ്യ ഖാദി ശൈഖ് തൈസീറുത്തമീമി, ഡോ. യൂസുഫുൽ ഖറദാവി തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു. പക്ഷേ അത് ഏറ്റുപിടിക്കാനോ ലോക രാഷ്ട്രത്തലവന്മാരുടെ വേദികളിലെത്തിക്കാനോ മുസ്‌ലിം രാഷ്ട്ര നായകന്മാർ തയാറാകുന്നില്ല. അറബ് രാഷ്ട്രങ്ങൾ യഹൂദർക്കു വേണ്ടി മസ്ജിദുൽ അഖ്സാ കൈയൊഴിയുകയാണെന്നു തോന്നിപ്പോകുന്നു. സയണിസ്റ്റ് അനുകൂല പാശ്ചാത്യ മാധ്യമങ്ങൾ മസ്ജിദുൽ അഖ്സയിലേക്കുള്ള ജൂത കടന്നുകയറ്റങ്ങൾ തമസ്കരിക്കുന്നത് മനസ്സിലാക്കാം. അറബ്-മുസ്‌ലിം ലോകത്തെ മാധ്യമങ്ങൾ ഈ വിഷയത്തിന് അർഹിക്കുന്ന പ്രസിദ്ധീകരണം നൽകാതിരിക്കുന്നത് ദുരൂഹമാണ്. ഈ സാഹചര്യത്തിൽ മുസ്‌ലിം സമാന്യജനം പ്രശ്നത്തിൽ പൂർവോപരി ഉത്തിഷ്ഠരാവേണ്ടിയിരിക്കുന്നു. അവരുടെ വികാരം സ്വന്തം ഭരണാധികാരികളിലെത്തിക്കാൻ കഴിയണം. അങ്ങനെ അൽഅഖ്സാ പ്രശ്നം ആഗോള സമൂഹത്തിന്റെയും ഐക്യരാഷ്ട്രസഭയുടെയും ശ്രദ്ധക്ക് വിഷയീഭവിക്കണം. ആരും ഒന്നും മിണ്ടാതിരുന്നാൽ മുസ്‌ലിംകളുടെ പ്രഥമ ഖിബ്‌ലയായ മസ്ജിദുൽ അഖ്സാ ഈ ഭൂമിയിൽനിന്ന് അപ്രത്യക്ഷമാവുകയും തൽസ്ഥാനത്ത് ഹൈക്കൽ സുലൈമാൻ ഉയർന്നു വരികയുമായിരിക്കും ഫലം. ■